**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** **15-10-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ് നവീകരണത്തിന് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ ഡി.പി.ആർ. ആണ് നൽകിയതെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ഫിഷ് മാർക്കറ്റ് നവീകരണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി ആയ തീരദേശ വികസന കോർപറേഷൻ 4 .79 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി പി ആർ) കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് 4 .04 കോടി രൂപയുടെ ധനാനുമതി നല്കിയിരുന്നു. തുടർന്ന് DSR റേറ്റ് 2016 ൽ നിന്നും 2018 ലേക്ക് മാറിയ സാഹചര്യത്തിൽ തീരദേശ വികസന കോർപറേഷൻ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്മേൽ 4.78 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നല്കിയിരുന്നു. ടി പദ്ധതി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ തീരദേശ വികസന കോർപറേഷൻ സ്വീകരിച്ചു വരികയും ചെയ്യുന്നു . |
| (ബി) | ആയതിന് കിഫ്ബി ഭരണാനുമതി നൽകാൻ ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | നെയ്യാറ്റിൻകര ഫിഷ് മാർക്കറ്റ് നവീകരണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി ആയ തീരദേശ വികസന കോർപറേഷൻ 4 .79 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി പി ആർ) കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് 4 .04 കോടി രൂപയുടെ ധനാനുമതി നല്കിയിരുന്നു. തുടർന്ന് DSR റേറ്റ് 2016 ൽ നിന്നും 2018 ലേക്ക് മാറിയ സാഹചര്യത്തിൽ തീരദേശ വികസന കോർപറേഷൻ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്മേൽ 4.78 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും നല്കിയിരുന്നു. ടി പദ്ധതി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ തീരദേശ വികസന കോർപറേഷൻ സ്വീകരിച്ചു വരികയും ചെയ്യുന്നു . |

സെക്ഷൻ ഓഫീസർ